**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5625

02.07.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനമുറികൾ

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് പഠനമുറികൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം എത്ര പഠനമുറികൾ സ്ഥാപിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 2018-19 വർഷം 4653 പുതിയ പഠനമുറികളുടെ നിർമ്മാണം ആരംഭിച്ചു. ഇതിൽ 495 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്. |
| (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാമൂഹ്യ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ പ്രതിഫല വ്യവസ്ഥ വിശദീകരിക്കാമോ; | (സി) | സാമൂഹ്യ പഠനമുറിയിൽ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നവർക്ക് 15000/- രൂപയാണ് പ്രതിഫലമായി അനുവദിക്കുന്നത്. |
| (ഡി) | ഇത്തരം പഠനമുറികളുടെയും സാമൂഹ്യപഠനമുറികളുടെയും പ്രവർത്തനപുരോഗതി വിശദമാക്കാമോ? | (ഡി) | പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 2017-18 വർഷം അനുവദിച്ച 6623 പഠനമുറികളിൽ 4680 പഠനമുറികളും 2018-19 വർഷം അനുവദിച്ച 4653 പഠനമുറികളിൽ 495 പഠനമുറികളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2017-18 വർഷം56,53,11,250/- രൂപയും 2018-19 വർഷം 120,50,10,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 100 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചു വരുന്നു. ആയതിൽ ആകെ 2972 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. സാമൂഹ്യ പഠനമുറികളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ സ്കൂളിലെ ഹാജർ നിലവാരം ഉയർന്നിട്ടുണ്ട്. ഇത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് കാരണമായിട്ടുണ്ട്. സാമൂഹ്യപഠനമുറികളുടെ പ്രവർത്തനത്തെ തുടർന്ന് |

| | | | |
|---|---|---|---|
| | | | സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയുകയും കോളനികളിൽ അക്ഷരാഭ്യാസമില്ലാത്ത വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് പാഠ്യവിഷയങ്ങളിൽ ഉള്ള പ്രാവീണ്യം വർദ്ധിക്കുന്നതിനോടൊപ്പം തന്നെ പാഠ്യേതര വിഷയങ്ങളിലും താല്പര്യമുണർത്തുന്നതിന് സാമൂഹ്യ പഠനമുറികൾ ഉപകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ഊരുകളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിന് സാമൂഹ്യപഠനമുറികൾ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. എസ്.എസ്.എൽ.സി, പ്ലസ് ടു വിജയശതമാനം ഉയർത്തുന്നതിനും ടി പരീക്ഷകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ, ഡിഗ്രി പ്രവേശനം ലഭിക്കുന്നതിനുമുള്ള ഏകജാലക പ്രവേശനത്തിന് സഹായിക്കുന്നതിനും സാമൂഹ്യ പഠനമുറികൾ സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ